# അമേരിക്കൻ കഥകൾ

## മിനികഥകൾ ഏഴ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, ഇപ്പോൾ സ്വ ജീവിത കാര്യവും കൂട്ടി കലത്തിയാണ് ഇന്ന് കഥ പറയാൻ പോകുന്നത്. തെറി പാടികൊണ്ടുള്ള ആ കഥകളെ അശ്ലീല രഹിതമായി എഴുതുന്നത്, ലോകം മുഴുവനായും ആപ്യാനത്തോട് സ്വീകരിച്ച് മുഷ്ഠി താഡനം ചെയ്തപ്പോൾ, അവർ ലോകത്തോടു മുഴുവനായും, ആപ്യാന ലഹരിയോടെ നിങ്ങൾ നൂറു പുള്ളികളാണെന്ന് പറഞ്ഞു കൊണ്ടാണ് ഈ കഥാ തുടക്കം:

അന്നച്ചിയുടെ അമ്മാച്ചന്റെ മകൻ തോമാസും ലീലാമ്മയും അതുപോലെ ഉപ്പാപ്പന്റെ മൂത്ത മകൻ കോരതും കുഞ്ഞേലിയും കുടുംബവും ഇപ്പോൾ അമേരിക്കയിൽ വന്നിട്ട് വഷങ്ങളേറെയായി. ലീലാമ്മയുടെ ആങ്ങള ദാനിയേലും ഭാര്യ ശോശാമ്മയും രണ്ടു മക്കളും അതുപോലെ കുഞ്ഞേലിയുടെ ആങ്ങളയും ഭാര്യ ശെൽവിയും രണ്ടു മക്കളും കൂടെ ആദ്യമായി അമേരിക്കയിലേക്ക് വരികയാണ് കേരളത്തിൽ നിന്ന്. എല്ലാവരും അമേരിക്കയിൽ പോയ് സുഖിക്കുകയും കൈ നിറയെ പണം വാരികൂട്ടുകയുമാണ്; അപ്പോൾ ഞങ്ങൾക്കും അങ്ങിനെ തന്നെ വേണമെന്ന് അസൂയ മൂത്താണ് ഈ രണ്ടു കുടുംബഗളും വരുന്നത്. അമേരിക്കയിൽ വന്നാൽ കഷ്ടപ്പാടും ദുരിതങ്ങളും ധാരാളം ഉണ്ടെന്ന അവരെ ഇവിടെയുള്ള പലരും പല വിധത്തിലും പറഞ്ഞു മനസ്സിലാക്കിയിട്ടും, അതെല്ലാം അവരോടുള്ള അസൂയ കൊണ്ടും അവർ ഗുണം പിടിച്ചു പോകുമെന്നുള്ളതുകൊണ്ടാണു പറയുന്നതെന്നായിരുന്ന അവരുടെ വാദങ്ങൾ.

ഈ രണ്ടു കുടുംബത്തേയും കുറിച്ചുള്ള അല്പം ചരിത്രവും ഈ സമയത്ത് വളരെ പ്രസക്തമാണ്. ശോശാമ്മ ഹൈസ്ക്കൂൾ പഠനം കഴിഞ്ഞ കാലം മുതൽ അവിടെ പത്ര ഏജന്റിന്റെ മകൻ ജോണിയുമായി പ്രണയത്തിലായിരുന്ന. വളരെ വഷങ്ങളോളം അങ്ങിനെ കഴിഞ്ഞെങ്കിലും അവളുടെ അപ്പൻ അവളെ, ദാനിയേലിനെ കൊണ്ട് വിവാഹം കഴിപ്പിക്കാൻ തീരുമാനിച്ചു. ഇത്രയും അധികം വഷങ്ങൾ അവർ പ്രേമബദ്ധിതരായിരുന്നെങ്കിലും അവർ തമ്മിൽ യാതൊരു വിധ ശരീര ബന്ധങ്ങളിലും ഏപ്പെട്ടിരുന്നില്ല. മകൾ ജോണിയുമായി പ്രണയത്തിലാണെന്ന കാര്യം അപ്പനറിയത്തില്ല. അതു പറഞ്ഞാൽ അന്നത്തെ കാലത്ത് വിവരം അറിയും. ഒരു പക്ഷേ, അവളുടെ വീട്ടുകാർ ജോണിയെ ജീവനോടെ കുഴിച്ചു മൂടുമെന്നവൾക്കറിയാമായിരുന്ന. കാര്യങ്ങളുടെ നിജസ്ഥിതി അറിയാവുന്ന ജോണിയും ദുഃഖിതനായി പിൻ വാങ്ങുകയായിരുന്ന. ഇത്രയും കാലം സ്നേഹിച്ചു കഴിഞ്ഞിട്ട് ഇപ്പോൾ വഞ്ചിച്ച് അവൾ കടന്ന കളയുകയാണെന്ന് അയാൾ തെറ്റിദ്ധരിച്ച് അയാളുടെ ശാപം, വരാൻ പോകുന്ന തന്റെ ജീവിതത്തിൽ ഉണ്ടാകാൻ പാടില്ലന്നവൾക്ക് നിബന്ധമായിരുന്ന. ഏക്കറു കണക്കിന കിടക്കുന്ന അവളുടെ അപ്പന്റെ പുരയിടത്തിന്റെ അങ്ങേ അറ്റത്തെ കുറ്റികാട്ടിൽ, വിവാഹ തലേന്ന് പാതിരാത്രി കഴിയുമ്പോൾ സംഗമിക്കാൻ അവർ പദ്ധതിയിട്ടു. പട്ടാപകൽ പോലും കൂരിരുട്ടു നിറഞ്ഞതാണ് ആ സ്ഥലം. അവിടെ ഏതു നേരത്തും ആക്കും പോകാൻ ഭയം നിറഞ്ഞതും, ഏതു സമയത്തും ആരു നിന്നാലും അവരെ കാണാൻ കഴിയാത്തതുമായ ഒരു സ്ഥലമാണത്. അവളുടെ ഉറക്ക മുറിയുടെ വശത്തുള്ള കതക തുറന്ന് ആ വാതിലിൽ കൂടെ പോയാൽ ആരും അറിയത്തുമില്ല. പ്രത്യേകിച്ച് വിവാഹത്തലേന്ന്അങ്ങിനെ അവൾ ആ കുറ്റിക്കാട്ടിലേക്ക് പോകുമെന്ന് ആരും പ്രതീക്ഷിക്കത്തുമില്ല. എല്ലാവരും നല്ല ഉറക്കമായപ്പോൾ അവൾ പോയി ആ രാത്രി മുഴുവനും അവർ രണ്ടു പേരും പൂണ്ണ നഗ്നരായി രതിലീലകളിൽ ഏപ്പെട്ടതിന ശേഷമായിരുന്ന പോയ് വിവാഹം കഴിച്ചത്. സൂക്ഷം മാസമായപ്പോൾ അവൾ ഒരു പുത്രനെ പ്രസവിച്ചു; ജോണിയെപ്പോലെയുള്ള ഒരു കുഞ്ഞിനെ. ആ കുഞ്ഞ് വളന്ന് വരുന്തോറും ജോണിയെപ്പോലെ രൂപത്തിലും സ്വഭാവത്തിലും. അവൾ ആകെ പരിഭ്രമിച്ച് ഇരിക്കുമ്പോളാണ് അമേരിക്കയിലെക്ക് ഇളയ മകളേയും കൂട്ടി തിരിക്കാനിടയായത്. ഈ വഷങ്ങൾക്കിടയിൽ ജോണി അപകടത്തിൽ മരിച്ചു പോയി.

ശെൽവിയുടെ വീടിന്റെ തൊട്ടടുത്തുള്ള വീട്ടിലേതാണ് മാത്തുക്കുട്ടി. അവർ തമ്മിൽ രണ്ടു വയസിന്റെ പ്രായ വ്യത്യാസവുമുണ്ട്. ഓമ്മ വെച്ച നാൾ മുതൽ അവർ ഒന്നിച്ചു കളിച്ച് വളന്ന് വിവാഹ സമയം വെരെ ആയി. പക്ഷേ, അവക്ക് വേർപിരിയാൻ വയ്യാത്ത കുരുക്ക് ശെൽവി ഇട്ടു; അവൾ ഗഭിണി ആയി. എന്നാലങ്ങിനെ എന്ന് രണ്ടു വീട്ടുകാരും തീരുമാനിച്ചു. അവക്കും രണ്ടു കുട്ടികളായിക്കഴിഞ്ഞപ്പോളാണ് അമേരിക്കയിൽ വരാനായത്.

രണ്ടു കൂട്ടക്കും അമേരിക്കയിൽ നിന്ന് നിദ്ദേശങ്ങൾ കൊടുത്തു. ശോശാമ്മയും ശെൽവിയും വീൽചെയറിൽ കയറി വേണം വരാൻ. അമേരിക്കയിൽ ആദ്യമായി വന്നിറങ്ങുന്നിടത്ത് ഒരു പോർട്ടറെ വിളിച്ച് സാധനങ്ങൾ എല്ലാം അയാളെ കൊണ്ട് വേണം അടുത്ത ടെർമിനലിൽ ചെന്ന് വിമാനം കയറേണ്ടത്. പോർട്ടക്ക് ടിപ്പു കൊടുക്കേണം. ഓരോ കുടുംബത്തിന്റെ കൂടെയും എട്ടു പെട്ടികളും നാല് കാരിഓണും ഉണ്ട്. പോർട്ടക്കും വീൽചെയർ ഉന്തുന്നവനും ടിപ്പു കൊടുക്കാനുള്ള അമേരിക്കൻ ഡോളർ ചില്ലറകളാക്കി അവരുടെ അടുക്കൽ എത്തിച്ചു. ശോശാമ്മ തീത്തും പറഞ്ഞു ''എന്തായാലും ഞാൻ വീൽചെയറിൽ കയറാൻ പോകുന്നില്ല. കൂടാതെ സാധനങ്ങൾ പോർട്ടറെ കൊണ്ട് എടുപ്പിക്കാതെ തന്നെ കൊണ്ടു പോകത്തേ ഉള്ളു. ആ വകയിൽ കൊടുക്കാൻ കിട്ടിയ ഡോളർ കയ്യിൽ സൂക്ഷിക്കത്തേ ഉള്ളു. അങ്ങിനെ അവർ വിമാനത്തിൽ കയറി. ആദ്യം വിമാനം നിത്തിയടത്തു നിന്ന് അടുത്ത വിമാനം പോകുന്നിടം വെരെ വളരെ കഷ്ടപ്പെട്ട്, സൂക്ഷം വിമാനത്തിന്റെ വാതിൽ അടക്കുന്നതിന മുമ്പായി നാലു കാരിയോണും വലിച്ച് രണ്ടു മക്കളേയും കൂട്ടി എത്തിച്ചേന്ന്. അവരുടെ കാരിഓൺ വെക്കാൻ സ്ഥലം കിട്ടാതെ കഷ്ടപ്പെട്ട്, അവസാനം എയർ ഹോസ്റ്റസ്സ്മാർ സഹായിച്ച് യാത്ര തുടന്ന്. അമേരിക്കയിലെ ആദ്യത്തെ സ്ഥലത്തെത്തി അവർ അവരുടെ ലഗേജെല്ലാം കഷ്ടപ്പെട്ടെടുത്ത് ഓരോ ചെക്കിംഗ് സ്ഥലത്ത് നൂറായിരം ചോദ്യങ്ങൾക്കെല്ലാം മറുപടിയും കൊടുത്ത് പെട്ടികളെല്ലാം തുറന്ന് പരിശോധിച്ച് പലതും എടുത്തു കളഞ്ഞ് പലതിനും പിഴയും ഇട്ട് ചെന്നപ്പോഴേക്കും ആ വിമാനം പോയ്ക്കഴിഞ്ഞു. മറ്റെവരോട് പറഞ്ഞതുപോലെയെല്ലാം അനുസരിച്ച് ചെയ്തതുകൊണ്ട് യാതൊരു പ്രയാസവും കൂടാതെ, വിമാനങ്ങൾ എല്ലാം കയറി യഥാ സമയത്ത് സ്ഥലത്തെത്തി. ശോശാമ്മയേ‌ും കുടുംബത്തേയും നോക്കിയിരുന്നവരെ വിവരം അറിയിച്ചതു കൊണ്ട്, പാതി രാത്രി വെരെ അവരെ കാത്തിരുന്ന് അവരേയും കൂട്ടി പോയി. അവരുടെ നാലു പെട്ടിയെ കൂടെ കിട്ടിയുള്ളു. ബാക്കിയുള്ളത് പിന്നാലെ കിട്ടിയെങ്കിലും അതു കിട്ടുന്നതുവെരെ അവക്കുറങ്ങാൻ പറ്റിയില്ല. എന്നിട്ട് ശോശാമ്മ പറയുന്നത് ''ഇത്രയും പ്രയാസങ്ങൾ ഉണ്ടെന്ന് ഞങ്ങൾക്കറിയത്തില്ലായിരുന്ന. ഇത്തിരി കഷ്ടപ്പെട്ടാലും മനപ്രയാങ്ങൾ ഉണ്ടായാലും ആ പണം അത്രയും കയ്യിലുണ്ടല്ലോ. അത് ഇന്ത്യയിലെ എത്രയും വലിയ തുകയാണ്!